# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1581** **07.06.2018-ൽ മറുപടിയ്ക്ക്**

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| കായംകുളം അസംബ്ലി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം നടത്തേണ്ട പല പ്രവൃത്തികളും ഭരണാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ പ്രവൃത്തിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണമെന്തെന്നും എന്നത്തേയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കുമോ ? | ഉണ്ട്. കായംകുളം മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടും ഇതുവരെ ആരംഭിക്കുവാൻ കഴിയാത്ത പ്രവൃത്തികളുടെ വിശദ വിവരം, നിലവിലെ സ്ഥിതി ഉൾപ്പെടെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം

കായംകുളം മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടും ഇതുവരെ ആരംഭിക്കുവാൻ കഴിയാത്ത പ്രവൃത്തികളുടെ വിശദ വിവരം നിലവിലെ സ്ഥിതി ഉൾപ്പെടെ ചുവടെ ചേർക്കുന്നു.

### 1. തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തി

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | ദേവികുളങ്ങര പഞ്ചായത്തിലെ വാർഡ്നം.9 ൽ മുട്ടത്തുമണ്ണേൽ കുന്നേൽകടവു റോഡ് | 44.00 | ഭരണാനുമതി നൽകി. പഞ്ചായത്തിൽ നിന്നും സ്ഥലലഭ്യത സർട്ടിഫിക്കറ്റ് 14/03/18-ൽ ആണ് ലഭിച്ചത്. തന്മൂലം സാങ്കേതികാനുമതി നൽകാൻ കാലതാമസമുണ്ടായി. 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |
| 2 | കണ്ടല്ലൂർ പഞ്ചായത്തിലെ വാർഡ് 14-ൽ കടുവിങ്കൽ ഉപ്പുംതറ വരമ്പത്ത് റോഡ് | 74.00 | ഭരണാനുമതി നൽകി. സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും, കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |
| 3 | ദേവികുളങ്ങര പഞ്ചായത്ത് വാർഡ് 2-ൽ ഇടയ്ക്കാട്ട് മുക്ക് മേച്ചേരി തൊട്ടുചിറ റോഡ് | 24.00 | ഭരണാനുമതി നൽകി. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |
| 4 | കണ്ടല്ലൂർ പഞ്ചായത്തിലെ വാർഡ് 13-ൽ ഷാപ്പുമുക്ക് മുരിങ്ങയിൽ ജംഗ്ഷൻ റോഡ് | 48.00 | ഭരണാനുമതി നൽകി. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 10 മാസത്തിനകം പ്രവൃത്തി പൂർത്തീകരി ക്കുവാൻ സാധിക്കുന്നതാണ് |
| 5 | പത്തിയൂർ പഞ്ചായത്ത് – ശ്രീനിലയം –മണ്ണുരുണ്ടിയിൽ റോഡ് | 16.30 | ഭരണാനുമതി നൽകി. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 6 | കൃഷ്ണപുരം പഞ്ചായത്ത് ഞവറയ്ക്കൽ വയൽ റോഡ് – കാന നിർമ്മാണം | 53.00 | ഭരണാനുമതി നൽകി. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 7 | റ്റി.എം ചിറ ആയിരം തെങ്ങ്-അപ്രോച്ച് റോഡിന്റെ നിർമ്മാണം | 25.00 | ഭരണാനുമതി നൽകി. റ്റി.എം ചിറ ആയിരം തെങ്ങ് പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് നബാർഡ് RIDF-19-ൽ ഭരണാനുമതി ലഭിച്ചുവെങ്കിലും സൈറ്റ് മാറിയതിനാൽ എസ്റ്റിമേറ്റ് തുക വർദ്ധിക്കുകയും പുതുക്കിയ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി ആവശ്യമായി വരികയും ചെയ്തു. നബാർഡിന്റെ പുതുക്കിയ ഭരണാനുമതി ലഭിച്ചില്ല. നബാർഡ് RIDF-19-ന്റെ കാലാവധി കഴിഞ്ഞു. |

## 2. നബാർഡ് പദ്ധതി

### റ്റി.എം ചിറ- ആയിരംതെങ്ങ് പാലം നിർമ്മാണം

നബാർഡിന്റെ ഭരണാനുമതി ലഭിച്ച റ്റി.എം ചിറ പാലം നിർമ്മാണ പ്രവൃത്തിയുടെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ലഭിക്കാത്തതിനാൽ അലൈൻമെന്റിന് മാറ്റം വരുത്തേണ്ടതായി വന്നു. പുതിയ അലൈൻമെന്റിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി അതനുസരിച്ച് പാലം നിർമ്മാണത്തിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

നബാർഡ് സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന RIDF-19 വരെയുള്ള ട്രാൻച്ചിയിൽ ഉൾപ്പെട്ടിട്ടുള്ള ടെണ്ടർ ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ ഇനി നടപ്പാക്കേണ്ടതില്ലെന്നും, ഇത്തരം പദ്ധതികൾ നോൺ-സ്റ്റാർട്ടർ പ്രോജക്ടായി റിപ്പോർട്ട് ചെയ്യാനും 20/12/17-ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന നബാർഡ് പ്രവൃത്തികളുടെ റിവ്യൂ മീറ്റിംഗിൽ തീരുമാനിച്ചിരുന്നു.

**സെക്ഷൻ ആഫീസർ**